## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 160 | 11.06.2018 ൽ മറുപടിക്ക്

### കെവിൻ പി ജോസഫിനെ തട്ടിക്കൊണ്ടുപോയ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കാണാതാകുന്നവരെപ്പറ്റിയോ തട്ടിക്കൊണ്ടുപോകുന്നവരെപ്പറ്റിയോ പരാതി ലഭിച്ചാൽ അത് പ്രകാരം പോലീസ് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) കാണാതാകുന്നത് സംബന്ധിച്ചുള്ള വിവരം ലഭിച്ചാൽ കേരളാ പോലീസ് ആക്ട് 57-ാം വകുപ്പ് പ്രകാരവും തട്ടിക്കൊണ്ട് പോകൽ സംബന്ധിച്ചുള്ള വിവരം ലഭിച്ചാൽ കുറ്റത്തിന്റെ സ്വഭാവമനുസരിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 363 മുതൽ 371 വരെയുള്ള വകുപ്പുകൾ ചേർത്ത് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കാണാതാകുന്നവരേയും തട്ടിക്കൊണ്ടു പോകുന്നവരേയും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേസ്സ് റിപ്പോർട്ടായാൽ ഉടൻ തന്നെ വിവരം ബന്ധപ്പെട്ട ജില്ലാ പോലീസ് കൺട്രോൾ റൂമിലും പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർ/സബ് ഡിവിഷണൽ പോലീസ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവരെ അറിയിക്കുന്നതുമാണ്. കാണാതായ ആളിന്റെ വിവരങ്ങൾ അടങ്ങിയ ക്രൈം മെമ്മോ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഉടനടി അയക്കുന്നതും, അതീവ ഗുരുതര കുറ്റകൃത്യം നടന്ന കേസ്സിന് നൽകുന്നതിനേക്കാൾ |

| | | | |
|---|---|---|---|
| | | | അധിക പ്രാധാന്യം ഇത്തരം കേസ്സുകൾക്ക് നൽകുന്നതുമാണ്. 15 ദിവസത്തിനകം കാണാതായ ആളെ കണ്ടുകിട്ടിയില്ലെങ്കിൽ അന്വേഷണം District Missing Person Tracing Unit (DMPTU)-ന് കൈമാറുന്നതുമാണ്. കൂടാതെ കാണാതാകുന്നവരെ പറ്റിയുള്ള വിവരങ്ങൾ അന്വേഷിക്കുന്നതിനായി സംസ്ഥാനത്ത് രണ്ട് മേഖലകളിലായി സ്റ്റേറ്റ് ലെവൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസ്സുകളെ സംബന്ധിച്ച് പ്രസ്തുത ടീമുകൾ മാസാവലോകനം, വീഡിയോ കോൺഫറൻസ് എന്നിവ നടത്തി അന്വേഷണപുരോഗതി വിലിരുത്തി വരുന്നു. |
| (ബി) | തട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങളിൽ വ്യക്തിയുടെയും സംഭവത്തിന്റെയും പ്രാധാന്യം നോക്കി എത്രയും വേഗം കേസെടുക്കണമെന്ന് മുൻ ഡി.ജി.പി ജേക്കബ് പുന്നൂസിന്റെ ഉത്തരവ് നിലവിലുണ്ടോ; | (ബി) | സർക്കുലർ നിലവിൽ ഉണ്ട്. |
| (സി) | കോട്ടയത്ത് കെവിൻ പി ജോസഫ് എന്ന യുവാവിനെ തട്ടിക്കൊണ്ടുപോയെന്ന പരാതി കെവിന്റെ പിതാവ് 2018 മേയ് 27-ാം തീയതി രാവിലെ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ നൽകിയിട്ടും അതിന്മേൽ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | 27/05/2018 തീയതി 7.30 മണിക്ക് സ്റ്റേഷനിൽ എത്തി കെവിന്റെ പിതാവ് പരാതി പറഞ്ഞെങ്കിലും ഇക്കാര്യത്തിൽ യഥാവിധി നടപടി എടുത്തില്ല. ഇക്കാര്യത്തിന് എസ്.ഐ, എം.എസ്.ഷിബു, എ.എസ്.ഐ(ജി) സണ്ണിമോൻ, എ.എസ്.ഐ(ജി) ബിജു.റ്റി.എം, സി.പി.ഒ അജയകുമാർ എന്നീ പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത കേസിൽ സാമ്പത്തിക ഇടപാടുകൾ ഉണ്ടായെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്. |

(ഇ) ഈ കേസിൽ പോലീസിന്റെ ഭാഗത്ത് ഗുരുതര വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ഇ) സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുള്ളതായി പ്രഥമദൃഷ്ട്യാ വെളിവായിട്ടുള്ളതും ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ എം.എസ്.ഷിബു, ഗ്രേഡ് എ.എസ്.ഐ 6385 സണ്ണിമോൻ എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുള്ളതും, നൈറ്റ് പട്രോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ഗ്രേഡ് എ.എസ്.ഐ 5810 ബിജു.റ്റി.എം, സി.പി.ഒ 7225 അജയകുമാർ എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ